(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയമിച്ച കമ്മിറ്റി ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ച് വരികയാണ്.

റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ

30 (*690) ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമൂലം ജനങ്ങൾക്ക് ലഭ്യമാകുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) സർവ്വെ രേഖകളായ കഡാസ്ട്രൽ മാപ്പുകളും, അനുബന്ധ സർവ്വെ & സെറ്റിൽമെന്റ് രജിസ്റ്ററുകളും നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൈസ്ചെയ്ത് സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കഡാസ്ട്രൽ റെക്കോർഡുകൾ നഷ്ടമാകാതെ കൃത്യമായി സൂക്ഷിക്കുവാനും, ആവശ്യമുള്ളപ്പോൾ വേഗത്തിൽ എടുക്കുവാനും ഉതകുംവിധമുള്ള മോഡേൺ റെക്കോർഡ് റൂമുകൾ സജ്ജീകരിച്ചുവരുന്നു.

ടി സർവ്വെ രേഖകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുവാനും, വീണ്ടെടുക്കുവാനുമായി Storage server-ഉം അതിലേക്കുള്ള സോഫ്റ്റ്വെയർ സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർവ്വെ രേഖകളെ സംബന്ധിച്ചിടത്തോളം കാലപ്പഴക്കംമൂലം നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും, ഏറ്റവും അത്യാവശ്യമുള്ളവ മാത്രം അവശേഷിക്കുന്നതുമായ വിവരങ്ങൾ സർവ്വെ രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുക, സ്കാനിംഗിലൂടെ സംരക്ഷിക്കപ്പെട്ട ഡിജിറ്റൽ മാപ്പുകളെ ഒരു കേന്ദ്രീകൃത സെർവ്വറിൽ ശേഖരിച്ച് ഒരു സെർവ്വർ ഡിജിറ്റൽ ലൈബ്രറി സംവിധാനം ഏർപ്പെടുത്തുക, ഇവയെ ഒരു കേന്ദ്രീകൃത സെർവ്വർ എന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രക്രിയയിലൂടെ കമ്പ്യൂട്ടറൈസ് ചെയ്യുക, ടി റെക്കോർഡുകളെ ഭൂമിയിലെ യഥാർത്ഥ കോർഡിനേറ്റുമായി (അക്ഷാംശരേഖാംശ രേഖകൾ) ബന്ധിപ്പിക്കുന്ന ജിയോറെഫറൻസിംഗ് കമ്പ്യൂട്ടറിൽ നടത്തുക. ഇത്തരത്തിൽ ജിയോ റെഫറൻസ്ഡ് ആയ മാപ്പുകളിൽ ഭൂമി സംബന്ധമായ വിവിധ വിവരങ്ങൾ ജോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) എന്ന സംവിധാനം ഉപയോഗിച്ച് ഒരു ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (LIS) വികസിപ്പിച്ചെടുക്കുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ വിക്ഷ്യങ്ങൾ.

(സി) സർവ്വെ രേഖകളുമായി ബന്ധപ്പെട്ട' വിഷയത്തിൽ, കഡാസ്ട്രൽ റെക്കോർഡുകളുടെ ഒരു ഏകീകൃത വിവരശേഖരം തയ്യാറാക്കി ഓൺലൈൻ പെയ്മെന്റ് സംവിധാനത്തിലൂടെ ഇന്റർനെറ്റിന്റെ സഹായത്താൽ എവിടെ നിന്നും എപ്പോൾ വേണമെങ്കിലും അവ ലഭ്യമാക്കുന്നതിനുള്ള സൗകര്യം നൽകുക, കൂടാതെ റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡാറ്റ ഭൂമിയിലെ യഥാർത്ഥ വിവരങ്ങൾ ഉൾക്കൊള്ളുന്ന കഡാസ്ട്രൽ മാപ്പുകളുമായി ബന്ധിപ്പിച്ച് ഓൺലൈൻ മ്യൂട്ടേഷൻ സംവിധാനം ഏർപ്പെടുത്തി ഭൂമി ഇടപാടുകളിൽ സുതാര്യതയും വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിച്ച് ഭൂമി സംബന്ധമായ പരാതികൾ കുറയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) സർവ്വെ രേഖകളുമായി ബന്ധപ്പെട്ട വിഷയത്തിൽ റീസർവ്വെക്ക് മുമ്പുള്ളതും കാലപ്പഴക്കം മൂലം ശിഥിലാവസ്ഥയിലുള്ളതുമായ ഒറിജിനൽ സർവ്വെ റെക്കോർഡുകളുടെ (റീസർവ്വെക്ക് മുമ്പുള്ളത്) ഭൗതികമായ സംരക്ഷണവും, ഡിജിറ്റൈസേഷനും ഓൺലൈനായി ജനത്തിന് ലഭ്യമാക്കലും വിക്ഷ്യം വച്ച് ഇ-രേഖ എന്ന ബൃഹത്തായ പദ്ധതി നടപ്പാക്കിവരുന്നു. ടി റെക്കോർഡുകൾ സൂക്ഷിക്കുവാനും എളുപ്പത്തിലുള്ള അവയുടെ retrieval സാദ്ധ്യമാക്കുവാനും ഒറിജിനൽ സർവ്വെ റെക്കോർഡുകൾക്ക് വെണ്ടി മാത്രമായി ഒരു മേഡേൺ റെക്കോർഡ് റും സമാഹരിച്ചുവരുന്നു.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വികസന പദ്ധതി

1 (6966) ശ്രീ. വി. തിരുവഞ്ചൂർ :
ശ്രീ. വി. ശശി :
ശ്രീ. കെ. അജിത് :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളിൽ സ്കൂൾ വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യവിക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly